പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.441 — 04.06.2018 ൽ മറുപടിയ്ക്ക്

പാവറട്ടി സപ്ലൈകോ സൂപ്പർ മാർക്കറ്റ്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.മുരളി പെരുനെല്ലി | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |
| (എ) മണലൂർ മണ്ഡലത്തിലെ പാവറട്ടി സപ്ലൈകോ സൂപ്പർ മാർക്കറ്റിലെ ഉപയോഗശൂന്യമായ തുരുമ്പെടുത്ത റാക്കുകൾ മാറ്റി പുതിയത് സ്ഥാപിക്കുന്നതിനായി സപ്ലൈകോ ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;<br>(ബി) സാധനങ്ങൾ റാക്കുകളിൽ സൂക്ഷിക്കാനാവാതെ തറയിൽ കൂട്ടിയിട്ടിരിക്കുന്നതു മൂലം, പൊതു ജനങ്ങൾ അവർക്കാവശ്യമായ സാധനം തെരഞ്ഞെടുക്കാൻ ബുദ്ധിമുട്ടുന്നതിനാൽ അടിയന്തരമായി റാക്കുകൾ മാറ്റിസ്ഥാപിക്കാൻ നടപടി എടുക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ ? | (എ) യും (ബി) യും പാവറട്ടി സൂപ്പർ മാർക്കറ്റിന്റെ റാക്കുകൾ മാറ്റി സ്ഥാപിക്കുന്നതിലേക്കായി സപ്ലൈകോയുടെ അംഗീകൃത ഫർണിഷിംഗ് കോൺട്രാക്ടറായ സാറാ ഇംപോർട്ട് & എക്സ്പോർട്ട് കമ്പനി സ്ഥലം പരിശോധിച്ച് ആദ്യം 4,46,474/- (നാല് ലക്ഷത്തി നാൽപ്പത്തിയാറായിരത്തി നാനൂറ്റി എഴുപത്തിനാല് രൂപ മാത്രം) രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നു. എന്നാൽ സപ്ലൈകോയുടെ സിവിൽ എഞ്ചിനീയറിംഗ് വിഭാഗം നിർദ്ദേശിച്ച ഭേദഗതികൾ കൂടി ഉൾപ്പെടുത്തിയുള്ള പരിഷ്കരിച്ച 4,71,039/-(നാല് ലക്ഷത്തി എഴുപത്തിയൊന്നായിരത്തി മുപ്പത്തിയൊൻപത് രൂപ മാത്രം) രൂപയുടെ എസ്റ്റിമേറ്റ് അംഗീകൃത ഫർണിഷിംഗ് കോൺട്രാക്ടർ 28/05/2018-ന് സമർപ്പിക്കുകയും ഫർണിഷിംഗ് ജോലികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ